<u>കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ</u>

No.VLE5/011543/22 (A&VD5)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം, തീയതി: 27.03.2025

<u>കാരണം കാണിക്കൽ നോട്ടീസ്</u>

മല്ലപ്പള്ളി ഓപ്പറേറ്റിംഗ് സെന്ററിലെ ഡ്രൈവറായ ശ്രീ.ജറീഷ്.ആർ എന്ന താങ്കൾ 05.04.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല. താങ്കൾ യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു . തന്മൂലം കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു .

ടി പ്രവൃത്തി ഗുരുതരമായ ചട്ടലംഘനവും അച്ചടക്കലംഘനവും ആയതിനാൽ മല്ലപ്പള്ളി ഓപ്പറേറ്റിംഗ് സെന്ററിലെ ഡ്രൈവറായ ശ്രീ.ജറീഷ്.ആർ എന്ന താങ്കൾക്ക് 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 20.01.2023 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം കൈപ്പറ്റാതെ മടങ്ങി വന്നതിനെ തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി പത്തനംതിട്ട യൂണിറ്റ് അധികാരിയെ ചുമതലപ്പെടുത്തുകയും, അന്വേഷണ ഉദ്യോഗസ്ഥൻ മതിയായ അവസരം നൽകിയിട്ടും താങ്കൾ വിചാരണയ്ക്ക് ഹാജരാകാത്തതിൽ നിന്നും സാക്ഷിമൊഴികളുടെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 08.10.2024- ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പകർപ്പ് താങ്കളുടെ ഗാർഹിക മേൽ വിലാസത്തിൽ അയച്ചു നൽകിയിട്ടും ആയത് കൈപ്പറ്റാതെ മടങ്ങി വന്നു.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 05.04.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും താങ്കളുടെ മേൽ പ്രവൃത്തി 1950 ലെ RTC Act പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനാണ്.

ആകയാൽ മല്ലപ്പള്ളി ഓപ്പറേറ്റിംഗ് സെന്ററിലെ ഡ്രൈവറായ ശ്രീ.ജറീഷ്.ആർ എന്ന താങ്കളെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം കോർപ്പറേഷന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിനു മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ലായെന്ന് കണ്ട് അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ:അഡീഷണൽ സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്. ശ്രീ.ജറീഷ്.ആർ, ഡ്രൈവർ, മല്ലപ്പള്ളി ഓപ്പറേറ്റിംഗ് സെന്റർ
(യൂണിറ്റ് അധികാരി, തിരുവല്ല മുഖാന്തിരം)

പകർപ്പ് :- യൂണിറ്റ് അധികാരി, തിരുവല്ല - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചുതരേണ്ടതാണ്.
സ്റ്റോക്ക് ഫയൽ & ഫയൽ.

Ad(D)